സർവ്വകലാശാല കാമ്പസുകളിൽ നടക്കുന്ന അതിക്രമങ്ങൾ

14 (1060) ശ്രീ. ടി. വി. രാജേഷ്
ശ്രീ. ബി. സത്യൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലും സർവ്വകലാശാലകളിലും മറ്റും പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കാമ്പസുകളിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് സർവ്വകലാശാലാ കാമ്പസിലും ഹോസ്റ്റൽ പരിസരങ്ങളിലും പെൺകുട്ടികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് സർവ്വകലാശാല അധികൃതർക്ക് നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിരുന്നോ; ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പരാതി നൽകിയ പെൺകുട്ടികൾക്കെതിരെ സർവ്വകലാശാല സെനറ്റ് യോഗം പ്രമേയം പാസാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സർവ്വകലാശാലാ കാമ്പസിൽ വിദ്യാർത്ഥിനികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) വിദ്യാർത്ഥികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും കാമ്പസിലും ഹോസ്റ്റലുകളിലും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അതാതു സർവ്വകലാശാലകൾ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) അന്വേഷണം നടന്നുവരുന്നു. പരാതിയിൽ സർവ്വകലാശാലയിലെ ആന്റി റാഗിംഗ് കമ്മിറ്റിയും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയും വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡീനും ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമിതമായ സിൻഡിക്കേറ്റ് ഉപസമിതിയും പോലീസും അന്വേഷണം നടത്തിവരുന്നു. കുറ്റക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാർത്ഥിനികൾ ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകിയ പരാതി വ്യാജമാണോ എന്ന് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന അടിയന്തരപ്രമേയമാണ് വിദ്യാർത്ഥി പ്രതിനിധി അവതരിപ്പിച്ച് പാസ്സാക്കിയത്. 25-1-2016-ന് ചേർന്ന സിൻഡിക്കേറ്റ് ഈ പ്രമേയത്തിന്മേൽ നടപടികൾ സ്വീകരിക്കാതിരിക്കുവാനും ഇത് അടുത്ത സെനറ്റിൽ റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു.

(ഡി&ഇ) കോഴിക്കോട്, എം.ജി തുടങ്ങിയ ചില സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പരാതികളിന്മേൽ കർശനമായ അച്ചടക്ക നടപടികൾ അതാത് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി മിക്ക സർവ്വകലാശാലകളിലും ആന്റി റാഗിംഗ് കമ്മിറ്റി/ആന്റി റാഗിംഗ് സ്ക്വാഡ്/ജെന്റർ ജസ്റ്റിസ് കമ്മിറ്റി/വനിത പരാതി പരിഹാര സെൽ തുടങ്ങിയവ നിലവിലുണ്ട്. കൂടാതെ കുസാറ്റ്, ശ്രീശങ്കരാചാര്യ തുടങ്ങിയ സർവ്വകലാശാലകളിൽ വനിത സെക്യൂരിറ്റി ഗാർഡുകളുൾപ്പെടെ നല്ലൊരു സെക്യൂരിറ്റി സംവിധാനം കാമ്പസ്സിനകത്ത് പ്രവർത്തിക്കുന്നുണ്ട്.

കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കുന്നത്

15 (1061) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക, അതുവഴി തൊഴിൽ രഹിതരായ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

GPM. 2/239/2020-12

LIBRARY ARCHIVES Kerala Legislative Assembly